ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ോൺ: 04712302490 ഫാക്സ്:04712303025/20303080
ഇ-മെയിൽ :dhskerala.hlth@kerala.gov.in
വെബ്സൈറ്റ്: www.dhs.kerala.gov.in

നം.. **DHS/265/2026-ES2** തീയതി: **22-09-2026**

നോട്ടീസ്

വിഷയം: ആ.വ.ഡ-തിരുവനന്തപുരം- ജീവനക്കാര്യം-സ്റ്റാഫ് നഴ്സ്/ ഹെഡ് നഴ്സ് തസ്തികയിൽ നിന്ന് തസ്തികമാറ്റം മുഖേന നഴ്സിംഗ് ട്യൂട്ടർ നിയമനത്തിനായുള്ള സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുന: ക്രമീകരിക്കുന്നത് സംബന്ധിച്ച്-

സൂചന: 1. ഉത്തരവ് നം. ഇഎസ്3-76025/10/ഡി.എച്ച്.എസ് തീയതി: **03.01.2013.**
2. ഉത്തരവ് നം. ഇഇ2-38607/2010/ആ.വ.ഡ തീയതി : **22.01.2016.**
3. നോട്ടീസ് നം. ഇഇ2-38607/2010/ആ.വ.ഡ തീയതി : **11.02.2016.**
4. ഉത്തരവ് നം. ഇഇ2-38607/2010/ആ.വ.ഡ തീയതി : **07.09.2016.**
5. ഉത്തരവ് നം. ഇഎസ്3-6911/2017/ഡി.എച്ച്.എസ് തീയതി: **15.12.2018.**
6. ഉത്തരവ് നം. ഇഎസ്3-31964/2022/ആ.വ.ഡ തീയതി **19.08.2022.**
7. ഒ.എ (ഇ.കെ.എം) **1164/2022** തീയതി : **24.08.2022** എന്ന നന് പറിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്.
8. സർക്കാർ കത്ത് നം.സി **1/57/2023**/ആ.കു.വ,തീയതി:**21/08/2023.**
9. ഉത്തരവ് നം. ഇഎസ്3-3766/2022/ആ.വ.ഡ തീയതി : **15.11.2023.**

സൂചന **(1)** പ്രകാരമുള്ള **01.01.2003** മുതൽ **30.06.2010** വരെയുള്ള കാലയളവിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് **2** തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. സരിത ബി-ക്ക് **(**പെൻ നം. **303096) 62-**ാാം സ്ഥാനം നൽകിയിരുന്നു. നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനത്തിനായി പുറപ്പെടുവിച്ചിരുന്ന സൂചന **(2)** പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടാത്ത ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ചിരുന്ന സൂചന **(3)** നോട്ടീസിൽ ടിയാൾക്ക് **78(A)** സ്ഥാനം നൽകിയെങ്കിലും (സ്റ്റാഫ് നഴ്സ് ഗ്രേഡ് **2** സീനിയോറിറ്റി പട്ടികയിലെ **62-**ാാം സ്ഥാനം പരിഗണിച്ച്) തുടർന്ന് പുറപ്പെടുവിച്ചിരുന്ന സൂചന **(4)** പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ **21.11.2011** മുതൽ **20.11.2013** വരെ കെ.എസ്.ആർ പാർട്ട് **I** റൂൾ **88** പ്രകാരം പഠനാവശ്യത്തിനായി അനുവദിച്ചിരുന്ന ശൂന്യവേതനാവധി കണക്കിലെടുത്ത് ടിയാളുടെ റാങ്ക് **130A** ആയിട്ട് മാറ്റുകയും ചെയ്തിരുന്നു. സൂചന **(5)** പ്രകാരമുള്ള **2013-2016** കാലയളവിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് **1** തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ **(2003-2010** കാലയളവിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് **2** സീനിയോറിറ്റി പട്ടികയിലെ **62-**ാാം സ്ഥാനം പരിഗണിച്ച്) **307-**ാാം സ്ഥാനവും നൽകിയിരുന്നു. തുടർന്ന് ശൂന്യവേതനാവധി കണക്കിലെടുത്ത് സീനിയോറിറ്റി നഷ്ടപ്പെട്ടു എന്ന അനുമാനത്തിൽ സൂചന **(6)** ഉത്തരവ് പ്രകാരം **2013-16** കാലയളവിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് **1** തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ **1654-**ാാം റാങ്കിലേക്ക് മാറ്റി ടിയാളുടെ സീനിയോറിറ്റി പുന:ക്രമീകരിച്ചിരുന്നു.

നഴ്സിംഗ് ഓഫീസർ ഗ്രേഡ് **1** സീനിയോറിറ്റി പുന:ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി. സരിത ബി സർക്കാരിന് ഹർജി സമർപ്പിക്കുകയും തസ്തികമാറ്റം മുഖേന നഴ്സിംഗ് ട്യൂട്ടർ

തസ്തികയിലേക്ക് നിയമനത്തിനായുള്ള സീനിയോറിറ്റി പട്ടികയിലെ ടിയാളുടെ സ്ഥാനം **78(A)** ആയി പുനഃക്രമീകരിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ശ്രീമതി. സരിത ബി-ക്ക് അർഹമായ സ്ഥാനം നൽകുന്നതിന് സൂചന **(7)** ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിലും കെ.എസ്.ആർ പാർട്ട് **I** ചട്ടം **88** പ്രകാരമുള്ള ശൂന്യവേതനാവധി ഒരു ജീവനക്കാരന് അനുവദിക്കപ്പെട്ടാൽ ആയത് ആ ഉദ്യോഗസ്ഥന്റെ കെ.എസ്&എസ്.എസ്.ആർ പാർട്ട് **II** ചട്ടം **27** പ്രകാരം അനുവദനീയമായ സീനിയോരിറ്റിയെ ബാധിക്കില്ലായെന്ന് സൂചന **(8)** പ്രകാരം സർക്കാർ അറിയിച്ചിരുന്ന സാഹചര്യത്തിലും ശ്രീമതി. സരിത ബി-ക്ക് **2013-2016** കാലയളവിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് **1** തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ നൽകിയിരുന്ന **1654-**ാംസ്ഥാനം റദ്ദുചെയ്ത് **307-**ാംസ്ഥാനം നിലനിർത്തികൊണ്ട് സൂചന **(9)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേനയുള്ള നിയമനത്തിനായി സൂചന **(2)** പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന അന്തിമ മുൻഗണനാ പട്ടികയിൽ ടി ജീവനക്കാരിയുടെ സ്ഥാനം റാങ്ക് നം. **78 (A)** ആയി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദമായ വിവരങ്ങൾ അനുബന്ധം എ-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇൗ നോട്ടീസിൻമേൽ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം രേഖാമൂലം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

Digitally signed by
Meenakshy V
Date: 22-09-2026
19:45:41

ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ്: **(1)** എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(2) www.dhs.kerala.gov.in

(3) ഫയൽ/കരുതൽ ഫയൽ